പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1050

14.06.2012 - ൽ മറുപടിയ്ക്ക്

## ആലപ്പുഴയിലെ സുനാമി ഫണ്ട് വിനിയോഗം

| ചോദ്യം | | മറുപടി | |
| --- | --- | --- | --- |
| | ശ്രീ. ജി. സുധാകരൻ. | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| | .... | | .... |
| (എ) | ആലപ്പുഴ ജില്ലയിലെ സുനാമി ഫണ്ട് മുഴുവനും ചെലവഴിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം മേഖലകളിലാണ് ചെലവഴിച്ചതെന്നതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; | (എ) | ആലപ്പുഴ ജില്ലയിൽ സുനാമി ഫണ്ടായി അനുവദിച്ച തുകയുടെ 95 ശതമാനവും ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ട്. തീരദേശ റോഡുകൾ, പാലങ്ങൾ എന്നിവയുടെ വികസനം, ഭവന നിർമ്മാണം, തീരദേശ പ്രദേശങ്ങളിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ, സ്കൂളുകളിലെ ടോയിലറ്റുകളുടെ നിർമ്മാണം, ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണം, വൈദ്യുതി വിതരണം, കുടിവെള്ള വിതരണം, കടൽഭിത്തി നിർമ്മാണം, ജീവനോപാധികളുടെ വിതരണം, അംഗനവാടി കെട്ടിടങ്ങളുടെ നിർമ്മാണം എന്നീ വിവിധ മേഖലകളിലാണ് ചെലവഴിച്ചിട്ടുള്ളത്. |
| (ബി) | ഏതെങ്കിലും മേഖലയ്ക്കനുവദിച്ച തുക ഇനിയും ചെലവഴിക്കാനുണ്ടോ; എങ്കിൽ ചെലവഴിക്കാൻ കഴിയാഞ്ഞതിനുള്ള കാരണം വ്യക്തമാക്കുമോ ; | (ബി) | ഭവന നിർമ്മാണത്തിനായി അനുവദിച്ച തുകയിൽ കുറച്ചു ഭാഗം മാത്രമാണ് ചെലവഴിക്കുവാൻ ബാക്കിയുള്ളത്. ഗുണഭോക്താക്കൾ നേരിട്ട് വീട് നിർമ്മാണം നടത്തി സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്കാണ് അനുവദിക്കുന്ന തുകയുടെ ഗഡുക്കളായുള്ള വിതരണം നടക്കുന്നത്. ഗുണഭോക്താക്കളിൽ നിന്നും നിർമ്മാണം പൂർത്തീകരിക്കുന്നതിനുണ്ടാകുന്ന കാലതാമസം മൂലമാണ് ഫണ്ട് വിതരണം വൈകുന്നത്. ഈ ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക ഇപ്പോഴും വിതരണം നടത്തിവരുന്നു. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾ എത്രയാണെന്നും ഏതു മേഖലകളിലാണെന്നും അറിയിക്കുമോ ? | | സുനാമി പദ്ധതി പ്രകാരം ആറാട്ടുപുഴ, അന്ധകാരനഴി സ്പെഷ്യൽ പാക്കേജ് ഉൾപ്പെടെ ജില്ലയിലാകെ 6185 വീടുകൾ അനുവദിച്ചിട്ടുള്ളതാണ്. തീരദേശ മേഖലകളിലാണ് മുഴുവൻ വീടുകളും അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.